2026
AUGUST
23
SUNDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper






കൊച്ചിൻ കപ്പൽശാലയിൽ നിർമിച്ച ആന്റിസബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റ് 'മംഗ്രോൾ' നാവിക സേനയ്ക്ക് കൈമാറുന്നു

# മംഗ്രോൾ ഇന്ത്യൻ നാവികസേനയ്ക്ക് കൈമാറി

## തദ്ദേശീയ പ്രതിരോധ കപ്പൽ നിർമ്മാണത്തിൽ രാജ്യത്തിന് നേട്ടം

**കൊച്ചി:** ഇന്ത്യ തദ്ദേശീയമായി രൂപകൽപ്പന ചെയ്ത് നിർമ്മിക്കുന്ന എട്ട് ആന്റിസബ്മറൈൻ വാർഫെയർ ഷാലോ വാട്ടർ ക്രാഫ്റ്റുകളിൽ മൂന്നാമത്തേതായ മംഗ്രോൾ ഇന്ത്യൻ നാവികസേനയ്ക്ക് കൈമാറി. കൊച്ചിയിലെ കൊച്ചിൻ ഷിപ്പ്‌യാർഡ് ലിമിറ്റഡിൽ ഇന്ന് നടന്ന ചടങ്ങിലാണ് യുദ്ധക്കപ്പൽ നാവികസേനയ്ക്ക് കൈമാറിയത്. പ്രതിരോധ മേഖലയിലെ സ്വയംപര്യാപ്തത ശക്തിപ്പെടുത്തുന്നതിനും ആത്മനിർഭർ ഭാരത് എന്ന കേന്ദ്രസർക്കാർ ദർശനം മുന്നോട്ടുകൊണ്ടുപോകുന്നതിനുമുള്ള ഇന്ത്യയുടെ യാത്രയിലെ മറ്റൊരു സുപ്രധാന നേട്ടമാണിത്.

സിഎസ്എൽ ഡയറക്ടർ (ഓപ്പറേഷൻസ്) ഡോ. ഹരികൃഷ്ണൻ എസ്, മംഗ്രോൾ കമാൻഡിംഗ് ഓഫീസർ (ഡസിഗ്നേറ്റ്) കമാൻഡർ യു. ശരൺ കുമാർ എന്നിവർ ഡെലിവറി പ്രോട്ടോക്കോളിൽ ഒപ്പുവച്ചു. ഇടഘല ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ശ്രീ ജോസ് വി.ജെ., കൊച്ചി വാർഷിപ്പ് പ്രൊഡക്ഷൻ സൂപ്രണ്ടന്റ് കൊമഡോർ അനൂപ് മേനോൻ, വെസ്റ്റേൺ നേവൽ കമാൻഡിലെ കമാൻഡ് റിഫിറ്റ് ഓഫീസർ കൊമഡോർ പിയൂഷ് ബദോണി, ചീഫ് വിജിലൻസ് ഓഫീസർ ഡോ. സി. പാണ്ടി സെൽവ ദുരൈ എക്സിക്യൂട്ടീവ് ഡയറക്ടർ (ഷിപ്പ് ബിൽഡിംഗ്) ഷിറാസ് വി.പി. എന്നിവരടക്കം ഇന്ത്യൻ നാവികസേനയിലെയും ഇടഘലെയും മുതിർന്ന ഉദ്യോഗസ്ഥർ ചടങ്ങിൽ സന്നിഹിതരായിരുന്നു. Det Norske Veritas യുടെ ക്ലാസിഫിക്കേഷൻ ചട്ടങ്ങൾ അനുസരിച്ചാണ് 'മംഗ്രോൾ' രൂപകൽപ്പന ചെയ്ത് നിർമ്മിച്ചിരിക്കുന്നത്. ജലാന്തർ നിരീക്ഷണം, തിരച്ചിലും രക്ഷാപ്രവർത്തനങ്ങളും , കുറഞ്ഞ തീവ്രതയുള്ള സമുദ്ര പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ നിർണായക ദൗത്യങ്ങൾ നിർവഹിക്കാൻ കപ്പലിന് കഴിയും. തീരദേശ ജലമേഖലകളിലെ ആന്റിസബ്മറൈൻ വാർഫെയർ പ്രവർത്തനങ്ങൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്തിരിക്കുന്ന 'മംഗ്രോൾ', നൂതന മൈൻ ലേയിംഗ് ശേഷിയും ഉൾക്കൊള്ളുന്നു.

ഡീസൽ എൻജിൻ-വാട്ടർജെറ്റ് പ്രൊപ്പൽഷൻ സംവിധാനമാണ് കപ്പലിൽ ഉപയോഗിച്ചിരിക്കുന്നത്. ഭാരം കുറഞ്ഞ ടോർപീഡോകൾ, തദ്ദേശീയമായി വികസിപ്പിച്ച റോക്കറ്റുകൾ, നൂതന ഷാലോവാട്ടർ സോണാറുകൾ തുടങ്ങിയ അത്യാധുനിക സംവിധാനങ്ങളും കപ്പലിൽ സജ്ജീകരിച്ചിട്ടുണ്ട്. തീരദേശത്തെ ആഴം കുറഞ്ഞ ജലമേഖലകളിൽ ജലാന്തർ ഭീഷണികളെ കണ്ടെത്താനും പിന്തുടരാനും പ്രതിരോധിക്കാനും ഈ സംവിധാനങ്ങൾ കപ്പലിന്റെ ശേഷി ഗണ്യമായി വർധിപ്പിക്കുന്നു. 'മംഗ്രോൾ' ഇന്ത്യൻ നാവികസേനയിൽ ഉൾപ്പെടുത്തുന്നത് രാജ്യത്തിന്റെ ഷാലോവാട്ടർ ആന്റിസബ്മറൈൻ വാർഫെയർ ശേഷിക്ക് വലിയ ഉത്തേജനം നൽകും. ഏകദേശം 80 ശതമാനം തദ്ദേശീയ ഘടകങ്ങൾ ഉൾക്കൊള്ളുന്ന ഈ യുദ്ധക്കപ്പൽ, തദ്ദേശീയ യുദ്ധക്കപ്പൽ രൂപകൽപ്പന, നിർമ്മാണം, പ്രതിരോധ സാങ്കേതികവിദ്യ എന്നീ മേഖലകളിൽ ഇന്ത്യ കൈവരിച്ചുകൊണ്ടിരിക്കുന്ന വളർച്ചയുടെ തെളിവാണ്. ഗുജറാത്തിലെ സൂറത്ത് ജില്ലയിലെ ചരിത്രപരവും തന്ത്രപ്രധാനവുമായ തീരദേശ പട്ടണമായ മംഗ്രോളിന്റെ പേരിലാണ് കപ്പലിന് പേര് നൽകിയിരിക്കുന്നത്. രാജ്യത്തിന്റെ പ്രതിരോധ ഉൽപ്പാദന മേഖലയിലെ സ്വയംപര്യാപ്തത വർധിപ്പിക്കുന്നതിനും 'ആത്മനിർഭർ ഭാരത്' ദർശനം സാക്ഷാത്കരിക്കുന്നതിനും 'മംഗ്രോൾ' കൈമാറ്റം സുപ്രധാന സംഭാവന നൽകുന്നു.

## എം.ജി സർവകലാശാല

### കരാർ നിയമനം

മഹാത്മാഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് ഫുഡ് സയൻസ് ആൻഡ് ടെക്നോളജിയിൽ കരാറടിസ്ഥാനത്തിൽ കോഓർഡിനേറ്ററെ നിയമിക്കുന്നു. ഫുഡ് സയൻസ്/അനുബന്ധ വിഷയത്തിൽ പിഎച്ച്.ഡി, 15 വർഷത്തെ പ്രവൃത്തിപരിചയം എന്നിവയുള്ള ജ്ജ/ആ/ഠ വിഭാഗത്തിലെ, 70 വയസ്സിൽ താഴെയുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. പ്രായം, യോഗ്യത, ജാതി, നോൺക്രീമിലെയർ സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ, വിജ്ഞാപന തീയതി മുതൽ 15 ദിവസത്തിനകം കിട്ടാവുന്ന രീതിയിൽ അയക്കണം.വിശദവിവരങ്ങൾക്ക്:www.mgu.ac.in, ഫോൺ: 04812731020.

### പരീക്ഷാ ഫലം

മൂന്നാം സെസ്റ്റർ എംഎ ഇംഗ്ലീഷ് (സിഎസ്എസ്) (2018 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2017 അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ്, 2016 അഡ്മിഷൻ അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) ഫെബ്രുവരി 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്റ്റംബർ 11 വരെ ഓൺലൈനായി അപേക്ഷിക്കാം. ആറാംസെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ് സി (കമ്പ്യൂട്ടർ സയൻസ്ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, കമ്പ്യൂട്ടർ സയൻസ്ഡാറ്റാ സയൻസ്, ബേസിക്ക് സയൻസ് സ്റ്റാറ്റിസ്റ്റിക്സ്, ബേസിക് സയൻസ്കെമിസ്ട്രി, ബേസിക്ക് സയൻസ്ഫിസിക്സ്), ഇന്റഗ്രേറ്റഡ് എംഎ ഇംഗ്ലീഷ്, മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും സെപ്റ്റംബർ 11 വരെ ഓൺലൈനായി അപേക്ഷിക്കാം.



# പാരമ്പര്യവും യുവത്വത്തിന്റെ ആവേശവും ഒത്തുചേർന്നു; ഫിസാറ്റിൽ ഓണാഘോഷം

**അങ്കമാലി:** മൂക്കന്നൂർ ഫെഡറൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി (ഫിസാറ്റ് ) ക്യാമ്പസ് ഓണാഘോഷത്തിന്റെ നിറവസന്തത്തിലാറാടി. കോളേജ് മാനേജ്മെന്റും അധ്യാപകരും വിദ്യാർത്ഥികളും സംയുക്തമായി സംഘടിപ്പിച്ച ആഘോഷ പരിപാടികൾ ക്യാമ്പസിന് മറക്കാനാവാത്ത അനുഭവം സമ്മാനിച്ചു. ഓണത്തിന്റെ തനിമയും പാരമ്പര്യ തനിമയും ചോർന്നുപോകാതെ, ഒപ്പം യുവത്വത്തിന്റെ ആവേശവും ഒത്തുചേർന്ന കാഴ്ചയ്ക്കാണ് ഫിസാറ്റ് ക്യാമ്പസ് സാക്ഷ്യം വഹിച്ചത്. രാവിലെ ക്യാമ്പസ് മെയിൻ എൻട്രൻസിൽ ചെണ്ടമേളം, കാവടിയാട്ടം, തമ്പോലം, പമ്പമേളം തുടങ്ങിയ പാരമ്പര്യ കലാരൂപങ്ങളുടെ താളമേളങ്ങളോടെയാണ് ആഘോഷങ്ങൾക്ക് തുടക്കമായത്. വാദ്യമേളങ്ങളുടെ അകമ്പടിയോടെ നടന്ന വരവേൽപ്പ് വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഒരുപോലെ ആവേശം പകർന്നു. തുടർന്ന് ബിടെക് , എംബിഎ , എംസിഎ വിദ്യാർത്ഥികൾ അവതരിപ്പിച്ച വർണ്ണാഭമായ ഗ്രൂപ്പ് ഡാൻസുകളും വിവിധ കലാപരിപാടികളും ക്യാമ്പസിനെ ആഘോഷ ലഹരിയിലാക്കി. മെയിൻ സെമിനാർ ഹാൾ വേദിയായ 'കേരള ശ്രീമാൻ & മലയാളി മങ്ക' മത്സരം വിദ്യാർത്ഥികളുടെ വേഷവിധാനം കൊണ്ടും സജീവ പങ്കാളിത്തം കൊണ്ടും വലിയ ജനശ്രദ്ധ നേടി.

കലാരൂപങ്ങൾക്കൊപ്പം ക്യാമ്പസിന്റെ വിവിധ കോണുകളിൽ അരങ്ങേറിയ പരമ്പരാഗത കായിക മത്സരങ്ങൾ ഓണാഘോഷത്തിന്റെ ആവേശം ഇരട്ടിയാക്കി. ഗ്രീൻ ഫീൽഡിൽ നടന്ന ചാക്കിലോട്ടം, കസേരകളി, ലെമൺ ആൻഡ് സ്പൂൺ, സുന്ദരിക്ക് പൊട്ടുതൊടീൽ എന്നീ ജനപ്രിയ മത്സരങ്ങളിലും, ലൈബ്രറി മുറ്റത്ത് നടന്ന ആവേശകരമായ ഉറിയടി മത്സരത്തിലും നിരവധിയാളുകൾ പങ്കെടുത്തു. മെയിൻ എൻട്രൻസിൽ നടന്ന വാശിയേറിയ വടംവലി മത്സരം കാണികളിൽ വലിയ ആവേശം സൃഷ്ടിച്ചു. തുടർന്ന് ചെണ്ടമേളവും തമ്പോലവും പമ്പമേളവും ഒത്തുചേർന്ന് അവതരിപ്പിച്ച ഗംഭീര ഫ്യൂഷൻ മേളത്തോടെയാണ് കലാകായിക പരിപാടികൾക്ക് സമാപനമായത്.

ആഘോഷങ്ങൾക്ക് മാറ്റ് കൂട്ടിക്കൊണ്ട് ക്യാമ്പസ് ഓഡിറ്റോറിയത്തിലും കാന്റീനിലുമായി വിഭവസമൃദ്ധമായ പരമ്പരാഗത ഓണസദ്യയും ഒരുക്കിയിരുന്നു. ജീവനക്കാർക്കും വിവിധ ബാച്ചുകളിലെ വിദ്യാർത്ഥികൾക്കുമായി പ്രത്യേക സമയം ക്രമീകരിച്ചാണ് സദ്യ വിതരണം നടത്തിയത്. എല്ലാവരും ഒന്നിച്ച് ഓണസദ്യ ആസ്വദിച്ചതോടെ ഐക്യത്തിന്റെയും സന്തോഷത്തിന്റെയും സന്ദേശം പകർന്നുനൽകി ഫിസറ്റിലെ ഈ വർഷത്തെ ഓണാഘോഷങ്ങൾക്ക് ഉജ്ജ്വല സമാപനമായി.

# ആറന്മുള ഉത്രട്ടാതി ജലോത്സവം ഉപരാഷ്ട്രപതി ഉദ്ഘാടനം ചെയ്യും

**ആറന്മുള:** 30 ന് നടക്കുന്ന ആറന്മുള ഉത്രട്ടാതി ജലോത്സവത്തിന് സർക്കാരിന്റെ പൂർണ പിന്തുണ ഉണ്ടാകുമെന്ന് മന്ത്രി മോൻസ് ജോസഫ്. സംസ്ഥാനത്തെ ശ്രദ്ധേയമായ ജലോത്സവങ്ങളിൽ ഒന്നാണ് 30ന് ആറന്മുളയിൽ നടക്കുന്നത്. ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണനാണ് ഇക്കുറി വിശിഷ്ടാതിഥിയായി പങ്കെടുക്കുന്നത്.

മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് ക്രമീകരണം ചർച്ച ചെയ്തിരുന്നു. വള്ളംകളിക്ക് പമ്പ നദിയിലെ ജലനിരപ്പ് കൃത്യമായി നിലനിർത്തുന്നതിന് ജില്ലാ കളക്ടർ എ. നിസാമുദീന്റെ അധ്യക്ഷതയിൽ ഡാം സേഫ്റ്റി, ഇറിഗേഷൻ എന്നിവയുടെ പ്രത്യേക യോഗം ചേരും. ജല അഥോറിറ്റി കുടിവെള്ള ലഭ്യത ഉറപ്പാക്കും.

വകുപ്പുകൾ ഏർപ്പെടുത്തേണ്ട ക്രമീകരണം മന്ത്രി മോൻസ് ജോസഫിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം ചർച്ച ചെയ്തു. ഉപരാഷ്ട്രപതിയുടെ സുരക്ഷ, ഗതാഗത ക്രമീകരണം, പാർക്കിംഗ് എന്നിവയ്ക്ക് പോലീസ് സംവിധാനമൊരുക്കും.

ഫയർഫോഴ്സിന്റെ സ്കൂബാ ടീം, പട്രോളിംഗിനായി പ്രത്യേകം സ്ക്വാഡുകൾ എന്നിവയോടൊപ്പം എൻഡിആർഎഫ് സംഘവും ഉണ്ടാകും. വേദിയിലെ പന്തലിന്റെ സുരക്ഷ, റസ്റ്റ് ഹൗസിലെ സൗകര്യങ്ങൾ എന്നിവ പൊതുമരാമത്ത് കെട്ടിട വിഭാഗം പരിശോധിച്ച് ഉറപ്പാക്കും. ആംബുലൻസ് ഉൾപ്പെടെ മെഡിക്കൽ ടീം ലഭ്യമാക്കും. നദിയിലെ മണൽപുറ്റ്, മുള, കമ്പ് തുടങ്ങിയവ ഇറിഗേഷൻ വകുപ്പ് നീക്കും. അപകട സാധ്യതയുള്ള സ്ഥലങ്ങളിൽ വേലി സ്ഥാപിക്കും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# സഹകരണ മേഖലയിൽ വിശ്വാസ് പദ്ധതി നടപ്പാക്കും: സമഗ്ര പാക്കേജെന്ന് മന്ത്രി എം ലിജു

**തിരുവനന്തപുരം:** സഹകരണ മേഖലയിലെ നിക്ഷേപകരുടെ താൽപര്യങ്ങളും നിക്ഷേപങ്ങളുടെ സുരക്ഷയും ഉറപ്പാക്കുന്നതിനായി 'വിശ്വാസ്' എന്ന പേരിൽ സമഗ്ര പാക്കേജ് നടപ്പാക്കുമെന്ന് സഹകരണ വകുപ്പ് മന്ത്രി എം ലിജു സെക്രട്ടേറിയറ്റ് പിആർ ചേമ്പറിൽ നടത്തിയ വാർത്താസമ്മേളനത്തിൽ അറിയിച്ചു.

നിക്ഷേപ പ്രതിസന്ധി നേരിടുന്ന 400ലേറെ സഹകരണ സംഘങ്ങളെ സർക്കാർ കണ്ടെത്തിയിട്ടുണ്ട്. ഫണ്ട് വകമാറ്റൽ, തട്ടിപ്പ് തുടങ്ങിയ ഭരണപരമായ വീഴ്ചകളെ തുടർന്ന് പ്രതിസന്ധിയിലായ സംഘങ്ങളിൽ ഉത്തരവാദികളായവരിൽ നിന്ന് സർചാർജ് നടപടികളിലൂടെ തുക ഈടാക്കും. സംഘങ്ങൾക്ക് ലഭിക്കാനുള്ള വായ്പകൾ നിർബന്ധമായും പിരിച്ചെടുക്കുന്നതിനൊപ്പം ഡെപ്പോസിറ്റ് ഗ്യാരന്റി ഫണ്ട് ഉപയോഗിച്ചും നിക്ഷേപകർക്ക് തുക തിരികെ നൽകും. കൃത്യമായ മാനദണ്ഡങ്ങളും മുൻഗണനാക്രമവും പാലിച്ച് ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലായിരിക്കും നിക്ഷേപത്തുക വിതരണം ചെയ്യുകയെന്നും മന്ത്രി വ്യക്തമാക്കി.

ക്രമക്കേടുകൾക്ക് കൂട്ടുനിൽക്കുകയും തെറ്റായ ഓഡിറ്റ് റിപ്പോർട്ടുകൾ നൽകുകയും ചെയ്ത ഉദ്യോഗസ്ഥർക്കും ഓഡിറ്റർമാർക്കുമെതിരെ കർശന നടപടികൾ സ്വീകരിക്കും. സഹകരണ മേഖലയിലെ വിശ്വാസ്യത കൂടുതൽ ശക്തിപ്പെടുത്തുകയാണ് 'വിശ്വാസ്' പദ്ധതിയുടെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

വായ്പകൾ ഒറ്റത്തവണയായി തീർപ്പാക്കുന്നതിനുള്ള 'ആശ്വാസ് 2026' പദ്ധതിയിലൂടെ ഇതിനകം 100 കോടിയിലധികം രൂപയുടെ സെറ്റിൽമെന്റുകൾ നടന്നിട്ടുണ്ട്. പദ്ധതി കൂടുതൽ ജനകീയമാക്കുന്നതിന്റെ ഭാഗമായി എം പിമാരെയും എം എൽ എമാരെയും സമിതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അദാലത്തുകളിൽ അസിസ്റ്റന്റ് രജിസ്ട്രാർ തലത്തിൽ 35 ശതമാനം വരെയും ജോയിന്റ് രജിസ്ട്രാർ തലത്തിൽ 50 ശതമാനം വരെയും സംസ്ഥാനതല സമിതിയിൽ സാധ്യമാകുന്ന മുഴുവൻ പിഴപ്പലിശ ഇളവ് അനുവദിക്കാനും ഇതിലൂടെ കഴിയും. ഓണം, മഴക്കെടുതി എന്നിവ പരിഗണിച്ച് പദ്ധതിയുടെ കാലാവധി ഒരു മാസം കൂടി നീട്ടണമെന്ന ആവശ്യം സർക്കാരിന്റെ സജീവ പരിഗണനയിലാണെന്നും മന്ത്രി അറിയിച്ചു.

വായ്പയെടുത്തയാൾ മരണപ്പെട്ടാൽ മൂന്ന് ലക്ഷം രൂപ വരെയുള്ള ബാധ്യത ഒഴിവാക്കുന്ന റിസ്ക് ഫണ്ട് പദ്ധതിയുടെ മാനദണ്ഡങ്ങളിലും ഇളവ് വരുത്തിയിട്ടുണ്ട്. ആറുമാസത്തെ കുടിശ്ശികയുണ്ടായാൽ ആനുകൂല്യം നഷ്ടപ്പെടുമെന്ന വ്യവസ്ഥയിൽ മാറ്റം വരുത്തി. ഇതു 12 മാസമാക്കി ഉയർത്തിയിട്ടുണ്ട്. പദ്ധതിയിൽ ഇതുവരെ ഉൾപ്പെടാത്ത മുഴുവൻ വായ്പക്കാരെയും റിസ്ക് ഫണ്ടിന്റെ പരിധിയിൽ കൊണ്ടുവരും. സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി അംഗസമാശ്വാസ നിധിയിൽ കുടിശ്ശികയായിരുന്ന 1,695 അപേക്ഷകൾ പരിഗണിച്ച് 3.80 കോടി രൂപയുടെ സഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ഓണത്തിന് വിവിധ ആനുകൂല്യങ്ങൾ ഉറപ്പാക്കും. ലാഭത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളിലെ ജീവനക്കാർക്ക് 16,800 രൂപയും നഷ്ടത്തിലുള്ള സംഘങ്ങളിലെ ജീവനക്കാർക്ക് 7,000 രൂപയും ബോണസായി നൽകും. കളക്ഷൻ ഏജന്റുമാർ, സെക്യൂരിറ്റി ജീവനക്കാർ തുടങ്ങി താൽക്കാലിക ജീവനക്കാരുടെ ഉത്സവ അലവൻസ് 5,500 രൂപയായി ഉയർത്തി. പെൻഷൻകാരുടെ ഉത്സവബത്ത 4,500 രൂപയായും കുടുംബ പെൻഷൻകാരുടേത് 4,400 രൂപയായും വർധിപ്പിച്ചു.സഹകരണ വകുപ്പ് ജീവനക്കാരുടെ ഒരു വർഷമായി മുടങ്ങിക്കിടന്ന 235 സ്ഥാനക്കയറ്റങ്ങൾ അനുവദിച്ചു. പുതിയ ടീം ഓഡിറ്റ് സംവിധാനം നിലവിൽ വന്നാലും സംഘങ്ങൾക്ക് നിലവിലുള്ള സ്ലാബ് പ്രകാരമായിരിക്കും ഫീസ് ഈടാക്കുക. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം ചെയ്ത വകയിൽ ജീവനക്കാർക്ക് ലഭിക്കാനുള്ള ഇൻസെന്റീവ് കുടിശ്ശിക അഡ്വാൻസായി നൽകുമെന്നും മന്ത്രി പറഞ്ഞു.സഹകരണ മേഖലയെ കൂടുതൽ വൈവിധ്യവൽക്കരിക്കുന്നതിനായി നബാർഡ്, എൻസിഡിസി തുടങ്ങിയ കേന്ദ്ര ഏജൻസികളുമായി ഡൽഹിയിൽ ചർച്ച നടത്തിയതായും മന്ത്രി പറഞ്ഞു. കേന്ദ്ര പദ്ധതികളുടെ സഹായത്തോടെ അടിസ്ഥാന സൗകര്യ വികസനം ശക്തിപ്പെടുത്തുന്നതിനും പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് മേഖലയെ കൂടുതൽ വിപുലീകരിക്കുന്നതിനുമാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മന്ത്രി പറഞ്ഞു.



## വിദ്യാഭ്യാസം രാജ്യപുരോഗതിക്കായി ഉപയോഗിക്കണം; ഡോ. ദുവ്വുരി ശേഷഗിരി

**കൊച്ചി:** വിദ്യാഭ്യാസത്തിലൂടെ നേടിയ അറിവും കഴിവുകളും സമൂഹത്തിന്റെയും രാജ്യത്തിന്റെയും പുരോഗതിക്കായി വിനിയോഗിക്കാനുള്ള ഉത്തരവാദിത്വം പുതിയ തലമുറ ഏറ്റെടുക്കണമെന്ന് നേവൽ ഫിസിക്കൽ ആൻഡ് ഓഷ്യാനോഗ്രാഫിക് ലബോറട്ടറി ഡയറക്ടർ ഡോ. ദുവ്വുരി ശേഷഗിരി. അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാമ്പസിൻറെ 28ാമത് ബിരുദദാന ചടങ്ങിൽ മുഖ്യാതിഥിയായി വിദ്യാർത്ഥികളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. നമ്മുടെ ജീവിതത്തിന്റെ ലക്ഷ്യം നമ്മൾ കണ്ടെത്തുകയും അതിനായി നിരന്തരം പരിശ്രമിക്കാനുള്ള ആർജ്ജവം ഉണ്ടാക്കിയെടുക്കുകയും വേണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. സർവ്വകലാശാല ചാൻസലർ മാതാ അമൃതാനന്ദമയി ദേവി വിദ്യാർത്ഥികൾക്ക് എല്ലാവിധ ആശംസകളും നേരുന്നതായി വീഡിയോ സന്ദേശത്തിലൂടെ അറിയിച്ചു. വിവിധ വകുപ്പുകളിൽ നിന്നായി 543 പേർ ബിരുദവും 22 പേർ ഡോക്ടറൽ ബിരുദവും സ്വീകരിച്ചു.

ചേരാനല്ലൂർ ട്രിനിറ്റി കാസയിൽ നടന്ന ചടങ്ങിൽ മാതാ അമൃതാനന്ദമയി മഠം ജനറൽ സെക്രട്ടറി സ്വാമി പൂർണ്ണാമൃതാനന്ദപുരി അനുഗ്രഹപ്രഭാഷണം നടത്തി. അമൃത വിശ്വവിദ്യാപീഠം രജിസ്ട്രാർ ഡോ. ബിപിൻ നായർ, അമൃത വിശ്വവിദ്യാപീഠം കൊച്ചി ക്യാമ്പസ് വൈസ് പ്രിൻസിപ്പലും പി ജി പി ചെയറുമായ ഡോ. പി. ബാലസുബ്രഹ്മണ്യൻ, സ്കൂൾ ഓഫ് നാനോ സയൻസസ് ആൻഡ് മോളിക്യുലർ മെഡിസിൻ ഡീൻ ഡോ. ശാന്തികുമാർ നായർ, കൊച്ചി ക്യാംപസ് ഡീനും ഡയറക്ടറുമായ ഡോ. യു. കൃഷ്ണകുമാർ വൈസ് പ്രിൻസിപ്പൽ കെ . ശ്രീകുമാർ എന്നിവർ ചടങ്ങിൽ സംസാരിച്ചു.

# സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ ആരംഭിക്കും

**തിരുവനന്തപുരം:** എക്സൈസ് വകുപ്പിൽ സമഗ്ര മാറ്റങ്ങൾ നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് ആദ്യമായി സ്റ്റേറ്റ് നാർക്കോട്ടിക് കൺട്രോൾ ബ്യൂറോ ആരംഭിക്കുമെന്ന് എക്സൈസ് മന്ത്രി എം ലിജു വാർത്താസമ്മേളനത്തിൽ അറിയിച്ചു. സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കാതെ നിലവിലുള്ള തസ്തികകൾ പുനഃക്രമീകരിച്ചും ഉദ്യോഗസ്ഥർക്ക് അധിക ചുമതല നൽകിയും ബ്യൂറോ പ്രവർത്തനം ആരംഭിക്കും.

ലഹരിമരുന്നുകൾക്കും വ്യാജമദ്യത്തിനുമെതിരെ ശക്തമായ നടപടികളാണ് എക്സൈസ് വകുപ്പ് സ്വീകരിക്കുന്നത്. ഓപ്പറേഷൻ തണ്ടറിന്റെ ഭാഗമായി ഇതുവരെ 34,397 കേസുകൾ രജിസ്റ്റർ ചെയ്യുകയും 7,816 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. വൻതോതിൽ വിദേശമദ്യം, കഞ്ചാവ്, എം.ഡി.എം.എ, ഹാഷിഷ് തുടങ്ങിയ ലഹരിവസ്തുക്കളും പിടികൂടിയിട്ടുണ്ട്.

ഓണക്കാലത്ത് ലഹരിവ്യാപനം തടയുന്നതിന് ആഗസ്റ്റ് ഒന്ന് മുതൽ 31 വരെ ഓണം സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് നടത്തിവരികയാണ്. പോലീസ്, വനം വകുപ്പ് എന്നിവയുടെ സഹകരണത്തോടെ നടക്കുന്ന പരിശോധനകളിൽ ഇതുവരെ 6977 കേസുകൾ രജിസ്റ്റർ ചെയ്യുകയും 1770 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. കോഴിക്കോട് അടുത്തിടെ നടന്ന മയക്കുമരുന്ന് വേട്ട കഴിഞ്ഞ മൂന്നര വർഷത്തിനിടയിലെ ഏറ്റവും വലിയ സിന്തറ്റിക് മയക്കുമരുന്ന് വേട്ടയാണെന്നും മന്ത്രി പറഞ്ഞു.

കള്ളുഷാപ്പുകളിലെ ഭക്ഷണത്തിന്റെയും കള്ളിന്റെയും ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ജൂൺ 25 മുതൽ ഓപ്പറേഷൻ ശുദ്ധി എന്ന പേരിൽ പരിശോധന തുടരുകയാണ്.



ഇതുവരെ 17,923 പരിശോധനകൾ നടത്തി. ക്രമക്കേടുകൾ കണ്ടെത്തിയതിനെ തുടർന്ന് കേസുകളും രജിസ്റ്റർ ചെയ്തു. നിശ്ചിത സമയത്തിന് മുമ്പ് തുറന്ന് പ്രവർത്തിച്ച അഞ്ച് ബാറുകൾ ഉൾപ്പെടെ ആറ് വിദേശമദ്യ ലൈസൻസ് സ്ഥാപനങ്ങൾക്കെതിരെയും നടപടി സ്വീകരിച്ചു.

പുതിയ മദ്യനയവുമായി ബന്ധപ്പെട്ട ചർച്ചകൾ സെപ്റ്റംബറിൽ ആരംഭിക്കും. ലഹരിവർജന രംഗത്ത് പ്രവർത്തിക്കുന്ന സാമൂഹിക സംഘടനകളുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ചാകും പുതിയ നയം രൂപീകരിക്കുക. വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട അന്തിമ തീരുമാനം പുതിയ മദ്യനയം നിലവിൽ വന്നതിന് ശേഷം മാത്രമേ ഉണ്ടാകൂ. വിദഗ്ധ സമിതിയുടെ അഭിപ്രായം കൂടി പരിഗണിച്ചായിരിക്കും ഇക്കാര്യത്തിൽ തീരുമാനമെടുക്കുകയെന്നും മന്ത്രി വ്യക്തമാക്കി.

ബെവ്കോ, ട്രാവൻകൂർ ഷുഗേഴ്സ്, മലബാർ ഡിസ്റ്റിലറീസ് എന്നിവയുടെ പ്രവർത്തനം ആധുനീകരിക്കുമെന്നും ബെവ്കോയിലെ തസ്തികകളിൽ പ്രൊഫഷണൽ സമീപനം ഉറപ്പാക്കുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.



# ടാറ്റയും മഹീന്ദ്രയും ഉടൻ എത്തും നാല് എസ്‌യുവികളുമായി

ഇന്ത്യയിൽ നിന്നും വാഹന ലോകത്തേക്ക് ഉദിച്ചുയർന്ന രണ്ട വാഹന ബ്രാൻഡുകളാണ് ടാറ്റ മോട്ടോഴ്‌സും മഹീന്ദ്ര ആന്റ് മഹീന്ദ്രയും. ഈ രണ്ട് വാഹനനിർമാതാക്കളുടേയും തുറുപ്പു ചീട്ടുകൾ അവരുടെ എസ്‌യുവികളാണ്. തങ്ങളുടെ എസ്യുവി നിരയെ കൂടുതൽ വിപുലപ്പെടുത്താനുള്ള ഒരുക്കത്തിലാണ് മഹീന്ദ്രയും ടാറ്റയും. വരും മാസങ്ങളിൽ ഓൾ വീൽ ഡ്രൈവ്, 4ണ്മ4 ഡ്രൈവ് ഓപ്ഷനുകളോടെ നാലു പുതിയ എസ് യുവി മോഡലുകളാണ് ഇവർ നിരത്തിലെത്തിക്കുക.





വൈകാതെ ഇന്ത്യൻ നിരത്തുകളിലെത്തുമെന്ന് പ്രതീക്ഷിക്കുന്ന 4:4 മോഡലാണ് ഥാർ ഫേസ്‌ലിഫ്റ്റ്. 4 വീൽ ഡ്രൈവ് സിസ്റ്റം ഥാറിന്റെ ഓഫ്‌റോഡ് മികവിനുള്ള അധിക ഫീച്ചറാവുകയും ചെയ്യും. മുറം മോഡിയിൽ വലിയ ഥാർ റോക്‌സിന് സമാനമായ രീതിയിലാണ് 3 ഡോർ ഥാറിലും മാറ്റങ്ങളുണ്ടാവുക. പുതിയ 6 സ്ലോട്ട് ഗ്രിൽ, സി രൂപത്തിലുള്ള ഡിആർഎല്ലുകൾ, വട്ടത്തിലുള്ള എൽഇഡി പ്രൊജക്ടർ ഹെഡ്‌ലാംപുകൾ, പുതിയ ബംപറുകളും അലോയ് വീലുകളും, പുതിയ ടെയിൽ ലാംപുകൾ എന്നിവ പുതിയ ഥാറിലുണ്ടാവും.

ഉള്ളിലേക്കു വന്നാൽ 10.25 ഇഞ്ച് ഡിജിറ്റൽ ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ, ഓട്ടമാറ്റിക് ക്ലൈമറ്റ് കൺട്രോൾ, വെന്റിലേറ്റഡ് മുൻ സീറ്റുകൾ, പ്രീമിയം ഓഡിയോ സിസ്റ്റം എന്നിവക്കാണ് സാധ്യത കൂടുതൽ. ഒപ്പം അധിക സുരക്ഷക്കായി ലെവൽ 2 അഡാസ് ഫീച്ചറുകളും ലഭ്യമാക്കിയേക്കും. നിലവിലെ 2.0 ലീറ്റർ ടർബോ പെട്രോൾ, 1.5 ലീറ്റർ ഡീസൽ, 2.2 ലീറ്റർ ഡീസൽ എൻജിൻ ഓഫ്ഷനുകൾ തുടരും. മാനുവൽ ഓട്ടമാറ്റിക് ട്രാൻസ്മിഷനുകളിലും മാറ്റമുണ്ടാവില്ല.

2027 ഏപ്രിലിന് മുൻപായി നിരത്തിലെത്തുമെന്ന് പ്രതീക്ഷിക്കുന്ന 4ണ്മ4 പിക്ക്അപ്പ് ട്രക്കാണിത്. സ്കോർപിയോ എന്നിന്റെ കരുത്തൻ ലാഡർ ഫ്രെയിം പ്ലാറ്റ്ഫോമിലാണ് നിർമാണം. ഡബിൾ ക്യാബ് ബോഡിയും ചെറിയ കാർഗോ ബെഡുമുള്ള ഈ വാഹനത്തിന് ബോക്സിയായ മുൻ ഭാഗവും കരുത്തൻ ലുക്ക് നൽകുന്ന ബംപറുകളും ഇ രൂപത്തിലുള്ള ലൈറ്റിങ് എലമെന്റുകളും പ്രതീക്ഷിക്കാം. വാലി, റീഫ്, ട്രെയിൽ എന്നിങ്ങനെ മൂന്ന് എഡിഷനുകളിലാണ് മഹീന്ദ്ര ഈ പിക്ക്അപ്പ് അവതരിപ്പിച്ചിരിക്കുന്നത്.

പുറത്തുള്ള റഫ് ലുക്ക് കാബിനുള്ളിലേക്കും കൊണ്ടുവരാൻ മഹീന്ദ്ര ശ്രമിച്ചിട്ടുണ്ട്. ഡിജിറ്റൽ ഇൻസ്ട്രുമെന്റ് ക്ലസ്റ്റർ, കുത്തനെയുള്ള വലിയ പോർട്രെയ്റ്റ് ടച്ച്സ്ക്രീൻ, ഡ്യുവൽ സോൺ ക്ലൈമറ്റ് കൺട്രോൾ, പവേഡ് മുൻ സീറ്റുകൾ, സൺറൂഫ്, ഇലക്ട്രോണിക് പാർക്കിംഗ് ബ്രേക്ക്, പ്രീമിയം ഓഡിയോ സിസ്റ്റം എന്നിവ ഉണ്ടാവും. സ്കോർപിയോ എന്നിലെ 2.0 ലിറ്റർ ടർബോ പെട്രോൾ, 2.2 ലിറ്റർ ഡീസൽ എഞ്ചിനുകളാവും ഇതിലും കരുത്തേകുക. 6സ്പീഡ് മാനുവൽ, 6സ്പീഡ് ഓട്ടോമാറ്റിക് ഗിയർബോക്സ് ഓപ്ഷനുകളും ഉണ്ടാവും. 19.79 ലക്ഷം രൂപയിൽ താഴെയാകും ഇതിന്റെ പ്രാരംഭ എക്സ്ഷോറൂം വിലയെന്ന് മഹീന്ദ്ര സ്ഥിരീകരിച്ചിട്ടുണ്ട്.

ടാറ്റയുടെ ജനപ്രിയ മോഡലായ സഫാരിയുടെ ഇലക്ട്രിക്ക് പതിപ്പാണ് സഫാരി.ഇവി. പുറത്തിറങ്ങുന്നതോടെ ടാറ്റയുടെ ഫ്ളാഗ്ഷിപ്പ് ഇവി മോഡലാവും ഇത്. റിയർവീൽ ഡ്രൈവ്, ഓൾ വീൽ ഡ്രൈവ് ഓപ്ഷനുകളിലും ഈ വാഹനം എത്തും. ഡിസൈനിൽ ഐസിഇ മോഡൽ സഫാരിയുമായി നിരവധി സാമ്യതകളുണ്ടാവും. അപ്പോഴും ബംപറുകളിലും ടെയിൽ ലാംപിലും ഗ്രിൽ ഡിസൈനിലും മാറ്റങ്ങൾ പ്രതീക്ഷിക്കാം.


ഉള്ളിലേക്കു വന്നാൽ ഡിജിറ്റൽ ഡ്രൈവേഴ്സ് ഡിസ്പ്ലേ, സെൻട്രൽ ഇൻഫോടെയിൻമെന്റ് സ്ക്രീൻ, യാത്രികർക്ക് പ്രത്യേകം ഡിസ്പ്ലേ എന്നിവ അടങ്ങുന്ന ട്രിപ്പിൾ സ്ക്രീനാണ് മറ്റൊരു ആകർഷണം. വാഹനത്തിന്റെ അടിഭാഗം വരെ കാണാൻ സഹായിക്കുന്ന 540 ഡിഗ്രി ക്യാമറ, സുരക്ഷക്കായി ലെവൽ 2 അഡാസ് ഫീച്ചറുകൾ, വെന്റിലേറ്റഡ് സീറ്റുകൾ, പനോരമിക് സൺറൂഫ്, പവേഡ് ടെയിൽഗേറ്റ്, കണക്റ്റഡ് കാർ ടെക്നോളജി, ഡോൾബി അറ്റ്മോസ് പ്രീമിയം ഓഡിയോ സിസ്റ്റം എന്നിവയും ഉൾപ്പെടുത്തും. 65സണവ, 75സണവ ബാറ്ററി ഓപ്ഷനുകൾക്കൊപ്പം കൂടുതൽ വലിയ 80സണവ ബാറ്ററി പാക്കും ലഭിച്ചേക്കാം. ഹാരിയർ ഇവിക്ക് സമാനമായ ഡ്യുവൽ മോട്ടോർ സെറ്റ്അപ്പുള്ള ഓൾവീൽഡ്രൈവ് പതിപ്പ് 504 എൻഎം ടോർക്ക് വരെ പുറത്തെടുക്കും.

ടാറ്റയുടെ പ്രീമിയം ഇലക്ട്രിക്ക് വാഹന നിരയായ അവിന്യയിൽ നിന്നെത്തുന്ന ആദ്യ പ്രൊഡക്ഷൻ മോഡലാവും അവിന്യ എക്സ്. 2027 ഓടെ നിരത്തിലിറങ്ങാൻ സാധ്യതയുണ്ട്. ചെറിജെആർഎൾ പങ്കാളിത്തത്തിൽ ഒരുക്കിയ ഫ്രീലാൻഡർ പ്ലാറ്റ്ഫോമിലാണ് ഈ വാഹനം ഒരുങ്ങുക. ഇന്ത്യക്ക് യോജിച്ച രീതിയിൽ സോഫ്റ്റ്‌വെയറിലും ഇലക്ട്രോണിക് സിസ്റ്റങ്ങളിലും മാറ്റങ്ങൾ കൊണ്ടുവരും.

റിയർ വീൽ ഡ്രൈവ്, ഓൾ വീൽ ഡ്രൈവ് ലേ ഔട്ടുകളെ പിന്തുണക്കുന്നതാണ് ഈ മോഡലിന്റെ പ്ലാറ്റ്ഫോം. ഇപ്പോഴും അവിന്യ എക്സിൽ ഓൾ വീൽ ഡ്രൈവ് ലഭിക്കുമോ എന്നത് ടാറ്റ ഔദ്യോഗികമായി സ്ഥിരീകരിച്ചിട്ടില്ല. മികച്ച റേഞ്ചും ആധുനിക ഫീച്ചറുകളും ആഡംബര സൗകര്യങ്ങളും ചേർത്ത മോഡലാവും അവിന്യ എക്സ്. വാഹനത്തിന്റെ ബാറ്ററി, പവർ ഔട്ട് പുട്ട്, ഡ്രൈവ് ട്രെയിൻ എന്നിവയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ വരും ആഴ്ച്ചകളിൽ കമ്പനി പുറത്തുവിട്ടേക്കും.

# കിയയുടെ ആഗോള ഫ്ളാഗ്ഷിപ്പ് എസ്‌യുവി സൊറന്റോ ഇന്ത്യയിലേക്ക്; ബുക്കിങ് തുടങ്ങി

ഇന്ത്യയിൽ ഉടൻ വിപണിയിലെത്തുന്ന പ്രീമിയം ത്രീ-റോ എസ!യുവി സൊറന്റോയുടെ ഔദ്യോഗിക ചിത്രങ്ങൾ പുറത്തുവിട്ട് കിയ. ഇന്ത്യൻ പ്രീമിയം എസ്‌യുവി നിരയിൽ നിർണായക ചുവടുവെപ്പുമായി എത്തുന്ന സൊറന്റോയുടെ ആദ്യ യൂണിറ്റ് ആന്ധ്രാപ്രദേശിലെ അനന്തപുർ പ്ലാന്റിൽനിന്ന് വിജയകരമായി പുറത്തിറങ്ങി. 2019 മുതൽ കിയയുടെ നിർമാണ കേന്ദ്രമായ അനന്തപുർ പ്ലാന്റിൽ 'മെയ്ക്ക് ഇൻ ഇന്ത്യ' കരുത്തിലാണ് സൊറന്റോ ഒരുങ്ങുന്നത്. 2026 സെപ്റ്റംബർ 4 ന് വാഹനം വിപണിയിൽ ഔദ്യോഗികമായി അവതരിപ്പിക്കും. ഇതിനു മുന്നോടിയായി കിയ ഇന്ത്യയുടെ അംഗീകൃത ഡീലർഷിപ്പുകൾ വഴിയും ഔദ്യോഗിക വെബ്സൈറ്റ് വഴിയും പ്രീബുക്കിങ് ആരംഭിച്ചു കഴിഞ്ഞു.




ഇന്ത്യൻ വിപണിയിൽ കിയ അവതരിപ്പിക്കുന്ന ആദ്യ ഹൈബ്രിഡ് എസ്‌യുവി എന്ന സവിശേഷതയോടെയാണ് സൊറന്റോയുടെ വരവ്. ഇലക്ട്രിഫിക്കേഷനും മികച്ച നിയന്ത്രണവും വാഗ്ദാനം ചെയ്യുന്ന ഓൾവീൽ ഡ്രൈവ് സാങ്കേതികവിദ്യയുള്ള ഹൈബ്രിഡ് പവർട്രെയിനിനൊപ്പം കരുത്തുറ്റ ഡീസൽ എൻജിൻ വകഭേദത്തിലും വാഹനം ലഭ്യമാകും. ഡ്രൈവിങ് മുൻഗണനകൾക്ക് അനുസൃതമായി ഹൈബ്രിഡ്, ഡീസൽ എൻജിനുകൾ തിരഞ്ഞെടുക്കാനുള്ള അവസരം ഇത് ഉപഭോക്താക്കൾക്ക് നൽകുന്നു. കിയയുടെ ആഗോള ഡിസൈൻ ഭാഷ്യം പ്രതിഫലിപ്പിക്കുന്ന ബലിഷ്ഠമായ ബോഡി ഘടനയും, എക്സ്റ്റീരിയർ ഡീറ്റെയിലിങ്ങും, ആധുനിക സൗകര്യങ്ങളോടുകൂടിയ മൂന്ന് നിര ക്യാബിനും ഈ ഫാമിലി എസ്‌യുവിയുടെ പ്രധാന ആകർഷണങ്ങളാണ്. സാങ്കേതികവിദ്യയുടെ കാര്യത്തിൽ വലിയൊരു വിപ്ലവത്തിനാണ് സൊറന്റോയിലൂടെ കിയ തുടക്കമിടുന്നത്. വാഹന ചരിത്രത്തിൽ ആദ്യമായി 'ലൈവ് ജനറേറ്റീവ് എഐ' സാങ്കേതികവിദ്യയിൽ പ്രവർത്തിക്കുന്ന കിയ എഐ അസിസ്റ്റന്റ് സൊറന്റോയിലൂടെ അരങ്ങേറുന്നു. ആഗോളതലത്തിൽ ഈ എഐ സാങ്കേതികവിദ്യ അവതരിപ്പിക്കുന്ന ആദ്യ കിയ മോഡലും ഇന്ത്യൻ വാഹന വിപണിയിൽ ഇത് അവതരിപ്പിക്കുന്ന ആദ്യ ബ്രാൻഡും കിയ ആയിരിക്കും. പരമ്പരാഗത വോയ്സ് അസിസ്റ്റന്റുകളിൽനിന്ന് വ്യത്യസ്തമായി യാത്രക്കാരുമായി സ്വാഭാവികമായി ആശയവിനിമയം നടത്താനും തത്സമയ വിവരങ്ങൾ കൃത്യമായി പങ്കുവെക്കാനും ലൈവ് ജനറേറ്റീവ് എഐ അസിസ്റ്റന്റിന് സാധിക്കും.

സൊറന്റോയുടെ വരവ് കിയയുടെ ഇന്ത്യൻ പോർട്ട്ഫോളിയോ വിപുലീകരണത്തിലെ നിർണായക നാഴികക്കല്ലാണെന്ന് കിയ ഇന്ത്യ മാനേജിങ് ഡയറക്ടറും സിഇഒയുമായ ഗ്വാങ്ഗു ലീ വ്യക്തമാക്കി. ആഗോളതലത്തിൽ വലിയ സ്വീകാര്യത നേടിയ സൊറന്റോയെ ഇന്ത്യയിൽ തന്നെ നിർമിച്ച് ഉപഭോക്താക്കളിലേക്ക് എത്തിക്കാൻ സാധിച്ചതിൽ അഭിമാനമുണ്ടെന്നും, ഏറ്റവും പുതിയ ഹൈബ്രിഡ് സാങ്കേതികവിദ്യകളും ലൈവ് ജനറേറ്റീവ് എഐ ഫീച്ചറുകളും ഉൾക്കൊള്ളുന്ന വാഹനം ഇന്ത്യൻ പ്രീമിയം എസ്‌യുവി വിപണിയിൽ പുതിയൊരു തരംഗമാകുമെന്നും അദ്ദേഹം പറഞ്ഞു. വരുംദിവസങ്ങളിൽ വാഹനത്തിന്റെ കൂടുതൽ വേരിയന്റുകളും വിലയും കിയ ഔദ്യോഗികമായി പുറത്തുവിടും.

# വൈദ്യുതിമേഖല ജനസൗഹൃദമാക്കും: മന്ത്രി സണ്ണി ജോസഫ്

**ഇടുക്കി:** വൈദ്യുതി ഉത്പാദന, പ്രസരണ, വിതരണ മേഖലയിലെ പ്രശ്നങ്ങളും ആശങ്കകളും പരിഹരിച്ച് കൂടുതൽ ജനസൗഹൃദമാക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്ന് മന്ത്രി സണ്ണി ജോസഫ്. ജില്ലയിലെ വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ അവലോകനം ചെയ്ത ശേഷം സംസാരിക്കുകയായിരുന്നു മന്ത്രി. മൂലമറ്റം പവർ ഹൗസും ഇടുക്കി ഡാമും സന്ദർശിച്ച ശേഷമാണ് കളക്ടറേറ്റിൽ അവലോകന യോഗം ചേർന്നത്. ജില്ലയുടെ പ്രത്യേക ഭൂപ്രകൃതി, ഗതാഗത പ്രശ്നം തുടങ്ങിയവയെല്ലാം കണക്കിലെടുത്ത് ഇടുക്കിക്ക് പ്രത്യേക പരിഗണന നൽകും. ജനങ്ങളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് പരാതികൾക്ക് വേഗത്തിൽ പരിഹാരം കാണും.

1976ൽ ഇടുക്കി വികസന അഥോറിറ്റിക്കായി ഏറ്റെടുത്ത ഭൂമി കൈമാറുന്നതുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്തുമായുള്ള തർക്കം പരിഹരിക്കുന്നതിന് വനം, വൈദ്യുതിമന്ത്രിമാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും യോഗം ചേരും. പുതിയ സെക്ഷൻ ഓഫീസുകളും സബ് സ്റ്റേഷനുകളും ആരംഭിക്കണമെന്ന ആവശ്യവും പരിഗണിക്കും. പരിസ്ഥിതി ലോല മേഖലയിൽനിന്ന് ജനവാസമേഖലകളും കൃഷിസ്ഥലങ്ങളും തോട്ടങ്ങളും ഒഴിവാക്കണമെന്ന സർക്കാർ നിലപാട് കൂടുതൽ ശക്തമായി കേന്ദ്രത്തിനു മുന്നിൽ ഉന്നയിക്കുമെന്നും മന്ത്രി പറഞ്ഞു.

ഇടമലക്കുടിയിൽ വൈദ്യുതിയെത്താത്ത വീടുകളിൽ ഇതുൾപ്പെടെയുള്ള സൗകര്യങ്ങൾ എത്തിക്കാൻ സമഗ്ര വികസന പാക്കേജ് നടപ്പാക്കണമെന്ന് ഡീൻ കുര്യാക്കോസ് എംപി യോഗത്തിൽ ആവശ്യപ്പെട്ടു. മൂന്നാർ മാട്ടുപ്പെട്ടി ഡാമിനു മുകളിലൂടെയുള്ള ട്രാഫിക് ബ്ലോക്ക് ഒഴിവാക്കാൻ നടപടി സ്വീകരിക്കണം. കെഎസ്ഇബി. ക്വാർട്ടേഴ്സുകൾ സംരക്ഷിക്കണമെന്നും എംപി ആവശ്യപ്പെട്ടു. വീടുകളിൽ സ്ഥാപിച്ച സോളാർ പാനലുകളിൽ നിന്ന് തിരിച്ച് വൈദ്യുതി ഗ്രിഡിലേക്ക് നൽകുമ്പോഴുള്ള സാങ്കേതികപ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ചീഫ് വിപ്പ് അപു ജോൺ ജോസഫ് ആവശ്യപ്പെട്ടു. വൈദ്യുതി പോസ്റ്റുകളുടെ സുരക്ഷ ഉറപ്പാക്കണം. മെറ്റീരിയൽ മാനേജ്മെന്റ് കാര്യക്ഷമമാക്കണമെന്നും അദ്ദേഹം പറഞ്ഞു.

ഓണത്തോടനുബന്ധിച്ച് പത്തു ദിവസം ഇടുക്കി ഡാം തുറന്നുകൊടുക്കുന്നത് ഓണത്തിനു ശേഷവും തുടരണമെന്ന് റോയ് കെ. പൗലോസ് എംഎൽഎ ആവശ്യപ്പെട്ടു. നിർമലസിറ്റി സബ് സ്റ്റേഷൻ നിർമാണവുമായി ബന്ധപ്പെട്ട് പട്ടയമുള്ളവർക്കും ഇല്ലാത്തവർക്കും ഒരേ നഷ്ടപരിഹാരം നൽകണം. 16 കോടി ചെലവിൽ നടപ്പാക്കിയ ആമപ്പാറ സോളാർ പ്ലാൻറ് പദ്ധതി കാടുപിടിച്ചുകിടക്കുകയാണെന്ന് സേനാപതി വേണു എംഎൽഎ അറിയിച്ചു.



# മൊബൈൽ നിർമാണത്തിന് 62,500 കോടി രൂപയുടെ മെഗാ പദ്ധതിയുമായി കേന്ദ്രം

**ന്യൂദൽഹി:** രാജ്യത്തെ സ്മാർട്ട് ഫോൺ നിർമാണ മേഖലയ്ക്ക് വൻ ഉത്തേജനം നൽകുന്നതിനായി 62,500 കോടി രൂപയുടെ മൊബൈൽ ഫോൺ നിർമാണ പദ്ധതി (എംപിഎംഎസ്) കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്തു.

ആഭ്യന്തരമായി മൊബൈൽ ഫോണുകൾ നിർമിക്കുന്നതിനൊപ്പം ഫോണുകളുടെ ഘടകഭാഗങ്ങൾ രാജ്യത്തിനകത്തുനിന്നുതന്നെ വാങ്ങുന്നത് പ്രോത്സാഹിപ്പിക്കുകയുമാണ് അഞ്ചു വർഷം നീളുന്ന ഈ ഇൻസെൻറീവ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. മുന്പ് നടപ്പാക്കിയ പിഎൽഐ 1.0 പദ്ധതി ഉത്പാദനനിക്ഷേപ ലക്ഷ്യങ്ങൾ മറികടന്ന സാഹചര്യത്തിലാണ് പുതിയ വിപുലീകരിച്ച പദ്ധതി നിലവിൽവരുന്നത്.

2026 ഏപ്രിൽ ഒന്നു മുതൽ മുൻകാല പ്രാബല്യത്തോടെ നടപ്പ് സാമ്പത്തിക വർഷം മുതൽ ആരംഭിക്കുന്ന പദ്ധതി 203031 സാമ്പത്തിക വർഷം വരെ തുടരുമെന്ന് കേന്ദ്ര ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം സെക്രട്ടറി എസ്. കൃഷ്ണൻ അറിയിച്ചു.

പദ്ധതി പ്രകാരം ഇന്ത്യയിൽ നിർമിക്കുന്ന മൊബൈൽ ഫോണുകളുടെ നിശ്ചിത വിൽപനയ്ക്ക് 2.25 ശതമാനം മുതൽ അഞ്ചു ശതമാനം വരെ സാമ്പത്തിക ആനുകൂല്യം കമ്പനികൾക്കു ലഭിക്കും. ഇതിനുപുറമെ, ഫോണിൻറെ ഘടകഭാഗങ്ങൾ തദ്ദേശീയമായി വാങ്ങുന്ന കമ്പനികൾക്ക് 1.5 ശതമാനം അധിക ഇൻസെൻറീവും ലഭിക്കുന്നതാണ്.

ഇന്ത്യൻ ബ്രാൻഡുകളെ ആഗോള വിപണിയിലേക്കു വളർത്തുന്നതിനായുള്ള പ്രത്യേക ആനുകൂല്യങ്ങളും കേന്ദ്ര മന്ത്രിസഭ അംഗീകരിച്ച പദ്ധതിയിലുണ്ട്. ഉത്പന്നങ്ങളുടെ രൂപകൽപന, ഗവേഷണം എന്നിവയിൽ നിക്ഷേപം നടത്തുന്നതിനായി നിശ്ചിത വിൽപനയിൽ മൂന്നു ശതമാനം അധിക ആനുകൂല്യം നൽകും.

കൂടാതെ, വിദേശ വിപണികളിലേക്കു വ്യാപിക്കാൻ ലക്ഷ്യമിടുന്ന ഇന്ത്യൻ ഹാൻഡ്സെറ്റ് ബ്രാൻഡുകൾക്ക് പരമാവധി അഞ്ചു ശതമാനം ഉയർന്ന ഇൻസെൻറീവ് നൽകുമെന്നും സെക്രട്ടറി വ്യക്തമാക്കി. പുതിയ പദ്ധതിയിലൂടെ കൂടുതൽ ആഗോള നിക്ഷേപം ആകർഷിക്കാനും ഇന്ത്യയെ ആഗോള ഇലക്ട്രോണിക്സ് നിർമാണ ഹബ്ബാക്കി മാറ്റാനുമാണ് കേന്ദ്രം ലക്ഷ്യമിടുന്നത്.

# ഓണവിപണി പിടിക്കാൻ 2000 കർഷകച്ചന്തകൾ: പച്ചക്കറികൾ 30% വിലക്കുറവിൽ ജനങ്ങളിലെത്തിക്കും: മന്ത്രി ടി സിദ്ദിഖ്

**തിരുവനന്തപുരം:** ആഘോഷവേളകളിൽ വിപണിയിൽ ഉണ്ടായേക്കാവുന്ന കൃത്രിമ വിലക്കയറ്റവും സാധനങ്ങളുടെ ക്ഷാമവും സാധാരണക്കാരെ ബാധിക്കരുതെന്ന നിർബന്ധം സർക്കാരിനുണ്ടെന്ന് കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ്. കർഷകരുടെ ക്ഷേമം ഉറപ്പുവരുത്താൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. അതിന്റെ ഭാഗമായി വളരെ ശക്തവും കാര്യക്ഷമവുമായ വിപണി ഇടപെടലുകളുമായി കൃഷിവകുപ്പ് മുന്നോട്ടുവന്നിരിക്കുകയാണെന്നും, ഇതിന്റെ ഭാഗമായി സംസ്ഥാനത്തുടനീളം 2000 കർഷകച്ചന്തകൾ പ്രവർത്തനം ആരംഭിച്ചതായും മന്ത്രി അറിയിച്ചു. 'ഓണസമൃദ്ധി' കർഷക ചന്തയുടെ സംസ്ഥാനതല ഉദ്ഘാടനവും വിൽപ്പനയും കുടപ്പനക്കുന്ന് കൃഷിഭവനിൽ നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു സിദ്ദിഖ്.



കൃഷിഭവനുകൾ കേന്ദ്രീകരിച്ച് 1074 ചന്തകളും ഹോർട്ടികോർപ്പിന്റെ 766 ചന്തകളും ബാക്കി വി.എഫ്.പി.സി.കെ ചന്തകളും ഉൾപ്പെടെയാണ് സംസ്ഥാനത്ത് 2000 ഓണച്ചന്തകൾ സജ്ജീകരിച്ചിരിക്കുന്നത്. പൊതുവിപണിയിലെ മൊത്തവ്യാപാര വിലയേക്കാൾ കുറഞ്ഞത് പത്തു ശതമാനം കൂടുതൽ തുക നൽകി കർഷകരിൽ നിന്ന് പച്ചക്കറികൾ ശേഖരിക്കുമ്പോൾ, ജനങ്ങൾക്ക് മുപ്പത് ശതമാനം വരെ വിലക്കുറവിൽ വിഷരഹിതവും ഗുണമേന്മയുള്ളതുമായ പച്ചക്കറികൾ ഈ ചന്തകളിലൂടെ ലഭ്യമാക്കും. ജൈവ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇരുപത് ശതമാനം വരെ അധിക വില നൽകാനും സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ഹോർട്ടികോർപ്പ് വഴി കർഷകർക്ക് നൽകാനുണ്ടായിരുന്ന 2 കോടി 73 ലക്ഷത്തോളം രൂപയുടെ കുടിശ്ശിക പൂർണ്ണമായും വിതരണം ചെയ്തുവരികയാണെന്നും വി.എഫ്.പി.സി.കെ നൽകാനുള്ള തുകയും ഈ മാസത്തിനകം കൊടുത്തുതീർക്കുമെന്നും മന്ത്രി അറിയിച്ചു. ജനങ്ങൾക്ക് പൂർണ്ണ ആശ്വാസമേകാൻ സജ്ജമാക്കിയ ഈ കർഷകച്ചന്തകൾ പൊതുജനങ്ങൾ പരമാവധി പ്രയോജനപ്പെടുത്തണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു.

ചടങ്ങിൽ കർഷകനായ ലിൻസ് കുമാറിൽ നിന്ന് പച്ചക്കറികൾ സംഭരിച്ച് മുതിർന്ന കർഷകൻ മദനദേവൻ നായർക്ക് കൈമാറി മന്ത്രി ആദ്യവിൽപ്പന നിർവഹിച്ചു.

മികച്ച വനിതാ കർഷകയായ ശ്രീജയെ മന്ത്രി ആദരിക്കുകയും ചെയ്തു. ഇതിനുപുറമേ പുഞ്ചക്കരി വികസന സമിതിയുടെ നേതൃത്വത്തിൽ പൂവണി പുഷ്പകൃഷിയുടെ വിപണന ഉദ്ഘാടനവും ചടങ്ങിൽ നടന്നു.

ചടങ്ങിൽ കിണവൂർ വാർഡ് കൗൺസിലർ ബി. സുഭാഷ് അധ്യക്ഷത വഹിച്ചു. കുടപ്പനക്കുന്ന് വാർഡ് കൗൺസിലർ അനിത എസ്, കൃഷിവകുപ്പ് സ്പെഷ്യൽ സെക്രട്ടറി ടി വി സുഭാഷ്, ഹോർട്ടികോർപ്പ് മാനേജിംഗ് ഡയറക്ടറും കൃഷി അഡീഷണൽ ഡയറക്ടറുമായ സിന്ധു എസ്, പ്രിൻസിപ്പൽ കൃഷി ഓഫീസർ ദീപ വി, ആത്മ പ്രോജക്ട് ഡയറക്ടർ ഷക്കീല പി, കൃഷിവകുപ്പ് ഉദ്യോഗസ്ഥർ, കർഷകർ തുടങ്ങിയവർ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY




# സൈനികർക്കായി പിഎൻബിയുടെ പുതിയ ക്രെഡിറ്റ് കാർഡുകൾ

**ന്യൂദൽഹി:** ഇന്ത്യൻ സൈനികർക്കായി പഞ്ചാബ് നാഷണൽ ബാങ്ക് (പിഎൻബി) പിഎൻബി ലക്ഷുറ, പിഎൻബി പരാക്രം' എന്നീ രണ്ട് പുതിയ ക്രെഡിറ്റ് കാർഡുകൾ അവതരിപ്പിച്ചു. ഇന്ത്യൻ സൈന്യവുമായി ഒപ്പുവെച്ച ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിലാണ് കാർഡുകൾ പുറത്തിറക്കിയത്.സൈനിക ഉദ്യോഗസ്ഥർക്കായി മെറ്റൽ കാർഡായാണ് ലക്ഷുറ ലഭിക്കുക. ജെ.സി.ഒമാർക്കും മറ്റ് റാങ്കുകളിലുള്ള സൈനികർക്കുമായി പരിസ്ഥിതി സൗഹൃദ ബയോഡീഗ്രേഡബിൾ മെറ്റീരിയലിലാണ് പരാക്രം കാർഡ്.

കാന്റീൻ സ്റ്റോറ്സ് ഡിപ്പാർട്ട്മെന്റ് (സിഎസ്ഡി) വഴിയുള്ള വാങ്ങലുകൾക്ക് മൂന്ന് ശതമാനം കാഷ്ബാക്ക്, സൗജന്യ എയർപോർട്ട് ലോഞ്ച്, സീറോ ഫോറെക്സ് മാർക്ക്അപ്പ്, 'ബൈ വൺ ഗെറ്റ് വൺ' സിനിമാ ടിക്കറ്റ്, ഗോൾഫ് പരിശീലനം തുടങ്ങിയ ആനുകൂല്യങ്ങൾ കാർഡുകൾ വാഗ്ദാനം ചെയ്യുന്നു.സൈനിക ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ഇന്ത്യൻ സൈന്യത്തിലെയും പിഎൻബിയിലെയും ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്തു.

# ഫെഡറൽ ബാങ്കിന്റെ 95ാമത് വാർഷിക പൊതുയോഗം നടന്നു

**കൊച്ചി:** ഫെഡറൽ ബാങ്കിന്റെ ഓഹരി ഉടമകളുടെ 95ാമത് വാർഷിക പൊതുയോഗം വീഡിയോ കോൺഫറൻസിലൂടെ നടന്നു. ബാങ്ക് ചെയർമാൻ ഏലിയാസ് ജോർജ് അധ്യക്ഷത വഹിച്ചു. ബാങ്കിന്റെ എംഡിയും സി ഇ ഒയുമായ കെ വി എസ് മണിയൻ, മറ്റു ഡയറക്ടർമാർ, ഓഹരിയുടമകൾ, സീനിയർ എക്സിക്യൂട്ടീവുകൾ, ഓഡിറ്റർമാർ തുടങ്ങിയവർ പങ്കെടുത്തു.

2026 മാർച്ച് 31 ന് അവസാനിച്ച സാമ്പത്തികവർഷത്തേക്കുള്ള ഓഡിറ്റു ചെയ്ത സാമ്പത്തികഫലവും ഓഹരിയൊന്നിന് 1.20 രൂപ ലാഭവിഹിതം നൽകാനുള്ള തീരുമാനവും ഉൾപ്പെടെ പൊതുയോഗത്തിന്റെ നോട്ടീസിൽ പറഞ്ഞിരുന്ന എല്ലാ പ്രമേയങ്ങളും യോഗത്തിൽ അംഗീകരിച്ചു.

'സാമ്പത്തികവിവേകം കൈവിടാതെ, വളർച്ചയിലും ലാഭക്ഷമതയിലും ശക്തമായ വർദ്ധനവ് കൈവരിച്ചുകൊണ്ടുള്ള മികച്ച പ്രകടനമാണ് 2026 സാമ്പത്തികവർഷത്തിൽ നിങ്ങളുടെ ബാങ്ക് കാഴ്ചവെച്ചത്,' ഓഹരി ഉടമകളെ അഭിസംബോധന ചെയ്തുകൊണ്ട് ബാങ്ക് ചെയർമാൻ ഏലിയാസ് ജോർജ് പറഞ്ഞു.

ഓഹരിയുടമകളെ അഭിസംബോധന ചെയ്ത കെ.വി.എസ്. മണിയൻ, ബാങ്കിന്റെ ഈ വർഷത്തെ പ്രമേയമായ 'അച്ചടക്കത്തോടെയുള്ള വളർച്ച, സുസ്ഥിരമായ കുതിപ്പ്' നെക്കുറിച്ച് എടുത്തുപറഞ്ഞു. ലക്ഷ്യബോധത്തെ വിവേകവുമായും, പ്രവർത്തനചടുലതയെ ശരിയായ തീരുമാനങ്ങളുമായും സമന്വയിപ്പിക്കുന്നതിലൂടെയാണ് സുസ്ഥിരമായ പുരോഗതി നേടാനാവുന്നതെന്ന് അദ്ദേഹം പ്രസ്താവിച്ചു. കാസാ നിക്ഷേപങ്ങളിലും പ്രവാസിനിക്ഷേപങ്ങളിലും 1 ലക്ഷം കോടി രൂപ കടന്നത്, മെച്ചപ്പെട്ട ലാഭക്ഷമത മാനദണ്ഡങ്ങൾ, ബാങ്കിലെ ബ്ലാക്ക്സ്റ്റോണിന്റെ നിക്ഷേപം എന്നിവയുൾപ്പെടെയുള്ള പ്രധാന നാഴികക്കല്ലുകൾ ഇടപാടുകാർക്കും നിക്ഷേപകർക്കും ബാങ്കിലുള്ള വിശ്വാസത്തിന്റെ തെളിവുകളാണെന്ന് അദ്ദേഹം പറഞ്ഞു.

പുതുക്കിയ ബ്രാൻഡ് ഐഡന്റിറ്റിയുടെ പിന്നിലെ കാഴ്ചപ്പാട് വ്യക്തമാക്കിക്കൊണ്ട്, 'പരിചിതം, എങ്കിലും പുതുമയാർന്നത്' എന്ന ആശയം ഫെഡറൽ ബാങ്കിന്റെ മൂല്യങ്ങളും വിശ്വാസ്യതയും സ്വഭാവവും നിലനിർത്തുന്നതോടൊപ്പം തന്നെ, പുത്തൻ ചിന്തകളെയും വിപുലമായ പ്രവർത്തനശേഷിയെയും, വളർച്ചയ്ക്കും പരിവർത്തനത്തിനുമുള്ള പുതിയ അവസരങ്ങളെയും ഉൾക്കൊള്ളാനുള്ള ബാങ്കിന്റെ പ്രതിബദ്ധതയെയാണ് സൂചിപ്പിക്കുന്നത്.

വളരുക എന്നതിനപ്പുറം, വിശ്വാസ്യതയിലും അച്ചടക്കത്തിലും ഉറച്ചുനിന്നുകൊണ്ട് പ്രവർത്തനശേഷി വിപുലമാക്കാനും, കൂടുതൽ പ്രസക്തമാകാനും, കൂടുതൽ ദേശീയസ്വഭാവം കൈവരിക്കാനുമാണ് ബാങ്ക് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# ഓണം സമൃദ്ധമാക്കാൻ മിൽമ

**കൊച്ചി:** ഓണത്തിനു ഗുണമേന്മയുള്ള പാലും പാലുത്പന്നങ്ങളും സുലഭമായി ലഭ്യമാക്കാൻ മിൽമ എറണാകുളം മേഖലാ യൂണിയനിൽ വിപുലമായ ഒരുക്കങ്ങൾ തുടങ്ങി. ഉത്രാടദിനത്തിൽ 12 ലക്ഷം ലിറ്റർ പാൽ വിൽപനയ്ക്കെത്തിക്കാനാണു തയാറെടുപ്പുകൾ നടത്തുന്നത്.

സാധാരണനിലയിൽ പ്രതിദിനം ആവശ്യമുള്ള ഉത്പന്നങ്ങളുടെ അളവിൻറെ മൂന്നിരട്ടി അധികമാണ് ഈ ദിവസങ്ങളിൽ മിൽമ പ്രതീക്ഷിക്കുന്നത്. എറണാകുളം മേഖലാ യൂണിയൻറെ പ്രവർത്തനപരിധിയിൽ വരുന്ന എറണാകുളം, ഇടുക്കി, കോട്ടയം, തൃശൂർ ജില്ലകളിൽ തിരുവോണം വരെ മിൽമ കൂടുതൽ പാലും പാലുത്പന്നങ്ങളും ലഭ്യമാക്കും.

പാലിനും നെയ്ക്കും ഇതര പാലുത്പന്നങ്ങൾക്കും പുറമെ ഷുഗർ ഫ്രീ ഐസ്ക്രീം, ഷുഗർ ഫ്രീ പേഡ, 65 ഇനം ഐസ്ക്രീമുകൾ, അഞ്ചിനം പേഡ, വിവിധയിനം പനീർ, പാലട തുടങ്ങിയവ ഉൾപ്പെടെയുള്ള 160ഓളം ഉത്പന്നങ്ങൾ വിപണിയിൽ ആവശ്യാനുസൃതം ലഭ്യമാക്കാനുള്ള തയാറെടുപ്പുകളും പൂർത്തിയായി.

തൃപ്പൂണിത്തുറ, കോട്ടയം, കട്ടപ്പന, തൃശൂർ എന്നിവിടങ്ങളിലെ ഡെയറികളിൽനിന്ന് പാലും തൈരും ഇടപ്പള്ളിയിലെ പ്രൊഡക്ട്സ് ഡെയറിയിൽനിന്ന് പാലുത്പന്നങ്ങളും ഉപയോക്താൾക്കായി എത്തിക്കും.





# ഫ്രെയർ എനർജി സ്മാർട്ട് സോളാർ ഇൻവെർട്ടറുകൾ അവതരിപ്പിച്ചു

**ഹൈദരാബാദ്:** പ്രമുഖ റൂഫ്ടോപ്പ് സോളാർ കമ്പനിയായ ഫ്രെയർ എനർജി 3 കിലോവാട്ട്, 5 കിലോവാട്ട് ശേഷിയുള്ള പുതിയ സ്മാർട്ട് സോളാർ ഇൻവെർട്ടറുകൾ അവതരിപ്പിച്ചു. അടുത്ത തലമുറ സിലിക്കൺ കാർബൈഡ് സാങ്കേതികവിദ്യ ഉപയോഗിക്കുന്ന ഇൻവെർട്ടറുകൾ 97.8 ശതമാനം വരെ വൈദ്യുതി പരിവർത്തന കാര്യക്ഷമത നൽകുമെന്ന് കമ്പനി അറിയിച്ചു. ഇന്ത്യൻ വീടുകളിലെ മാറിവരുന്ന വൈദ്യുതി ആവശ്യങ്ങളും കാലാവസ്ഥാ സാഹചര്യങ്ങളും കണക്കിലെടുത്താണ് പുതിയ ഇൻവെർട്ടറുകൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്.

വൈഫൈ, ബ്ലൂടൂത്ത് കണക്റ്റിവിറ്റിയിലൂടെ ഫ്രെയർ എനർജി സോളാർ ആപ്പിൽ വൈദ്യുതി ഉൽപ്പാദനം തത്സമയം നിരീക്ഷിക്കാം. പൊടി പ്രതിരോധ സംവിധാനം, സ്വയം വൃത്തിയാക്കൽ സാങ്കേതികവിദ്യ, അമിതഭാരം, അമിതചൂട്, ഷോർട്ട് സർക്യൂട്ട്, വൈദ്യുതി വ്യതിയാനം എന്നിവയിൽനിന്നുള്ള സുരക്ഷാ സംവിധാനങ്ങളും ഇൻവെർട്ടറുകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എംഎൻആർഇ അംഗീകാരവും ബിഐഎസ് സർട്ടിഫിക്കേഷനും 10 വർഷത്തെ വാറന്റിയും ലഭ്യമാണ്.

പരമാവധി വൈദ്യുതി ഉൽപ്പാദനം ഉറപ്പാക്കാൻ പരമാവധി പവർ പോയിന്റ് ട്രാക്കിംഗ് സാങ്കേതികവിദ്യയും ഇൻവെർട്ടറുകളിൽ ഉപയോഗിക്കുന്നു. പിഎം സൂര്യ ഘർ: മുഫ്ത് ബിജ്‌ലി യോജന ഉൾപ്പെടെയുള്ള സർക്കാർ പദ്ധതികളുടെ പിന്തുണയോടെ രാജ്യത്തെ റൂഫ്ടോപ്പ് സോളാർ വിപണി വളരുന്ന സാഹചര്യത്തിൽ, ഉയർന്ന നിലവാരമുള്ള സാങ്കേതികവിദ്യാധിഷ്ഠിത സോളാർ സംവിധാനങ്ങൾ ലഭ്യമാക്കുകയാണ് ലക്ഷ്യമെന്ന് ഫ്രെയർ എനർജി സഹസ്ഥാപകയും ഡയറക്ടറുമായ രാധിക ചൗധരി പറഞ്ഞു.

# ഐക്യുഒഒ ഇസഡ്11 5ജി ഫോൺ എത്തി



**കൊച്ചി:** വിദ്യാർത്ഥികളുടെ ദൈനംദിന ആവശ്യങ്ങൾ കൂടുതൽ സുഗമവും കാര്യക്ഷമവുമാക്കാൻ ലക്ഷ്യമിട്ട് പ്രമുഖ സ്മാർട്ട്ഫോൺ ബ്രാൻഡായ ഐക്യുഒഒ പുതിയ ഐക്യുഒഒ ഇസഡ്11 5ജി ഇന്ത്യയിൽ പുറത്തിറക്കി. ലൈവ് ക്ലാസുകളുടെ വിവരങ്ങൾ സംഗ്രഹിക്കൽ, അസൈൻമെന്റുകൾ തയ്യാറാക്കൽ, ഡോക്യുമെന്റ് വർക്കുകൾ എന്നിവയ്ക്കെല്ലാം സഹായിക്കുന്ന എഐ ക്യാപ്ഷൻസ്,എഐ ക്രിയേഷൻ തുടങ്ങിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സവിശേഷതകളുമായാണ് ഫോൺ എത്തുന്നത്.

മീഡിയാടെക് ഡൈമൻസിറ്റി 7500 ടർബോ പ്രൊസസറുമായി എത്തുന്ന ഈ സ്മാർട്ട്ഫോണിൽ 2000 നൈറ്റ്സ് എച്ച്ബിഎം അൾട്രാ ബ്രൈറ്റ് ഡിസ്പ്ലേയും ആകർഷകമായ സ്ലിം ഡിസൈനുമാണ് നൽകിയിരിക്കുന്നത്. സെലസ്റ്റിയൽ ബ്ലൂ, അറോറ ഗ്രീൻ എന്നീ രണ്ട് നിറങ്ങളിലാണ് ഫോൺ എത്തുന്നത്.ഓഫറുകളോടെ വിവിധ മോഡലുകൾക്ക് 31,499 രൂപ മുതൽ 45,999 രൂപ വരെയാണ് വില.

ഓഗസ്റ്റ് 25 മുതൽ ഐക്യുഒഒ ഇസ്റ്റോർ, ആമസോൺ , വിവോ എക്സ്ക്ലൂസീവ് സ്റ്റോറുകൾ, റിലയൻസ് ഡിജിറ്റൽ എന്നിവയിലൂടെ ഫോൺ വാങ്ങാം.

ഫോണിനൊപ്പം 50 മണിക്കൂർ ബാറ്ററി ലൈഫ് നൽകുന്ന പുതിയ ഐക്യുഒഒ ബഡ്സും കമ്പനി അവതരിപ്പിച്ചിട്ടുണ്ട്. എ ഐ കോൾ നോയിസ് കാൻസലേഷൻ, ബ്ലൂടൂത്ത് 6.1 ഡ്യുവൽഡിവൈസ് കണക്റ്റിവിറ്റി എന്നീ ഫീച്ചറുകളുള്ള ഈ ബഡ്സിന്റെ വിൽപ്പന ഓഗസ്റ്റ് 24 മുതൽ ആമസോണിലൂടെ ആരംഭിക്കും. 1,899 രൂപ വിലയുള്ള ഈ ബഡ്സ് ഓഫറുകളോടെ 1,699 രൂപയ്ക്ക് സ്വന്തമാക്കാം.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com